**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1623** **31.01.2018 ൽ മറുപടിയ്ക്ക്**

## തരിശുഭൂമിയിൽ കൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |

എ) തരിശായി കിടക്കുന്ന കൃഷിഭൂമിയിൽ കൃഷി നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

എ) തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായ 3 വർഷം ആനുകൂല്യം നൽകിവരുന്നു. ഒന്നാംവർഷം ഹെക്ടറിനു 30000 രൂപയും രണ്ടാം വർഷം 7000 രൂപയും മൂന്നാം വർഷം 4500 രൂപയുമാണ് ആനുകൂല്യം നൽകി വരുന്നത്. കർഷകനും ഭൂവുടമക്കും സഹായധനം നൽകുന്നുണ്ട്. ഒന്നാംവർഷം കർഷകന് 25000 രൂപയും ഭൂവുടമയ്ക്ക് 5000 രൂപയും നൽകും രണ്ടാം വർഷം ഇത് യഥാക്രമം 5800 രൂപയും 1200 രൂപയും മൂന്നാം വർഷം 3750 രൂപയും 750 രൂപയും ആണ് ധനസഹായം നൽകുന്നത്.ഇതിന് പുറമെ അടിസ്ഥാനസൗകര്യ വികസനം ആവശ്യമുള്ളയിടങ്ങളിൽ നടപടി സ്വീകരിക്കുന്നതിനും യുവജനപങ്കാളിത്തത്തോടെ ഉത്സവാന്തരീക്ഷത്തിൽ കൃഷി നടത്തുന്നതിനും നഗരപ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥലത്തും കൃഷി നടത്തുന്നതിനും ആനുകൂല്യം നൽകുന്നുണ്ട്. പാടശേഖരസമിതികളുടെ പ്രവർത്തനചിലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 300 ലക്ഷം രൂപയും, നഗരപ്രദേശങ്ങളിലെ കർഷകഗ്രൂപ്പുകൾ റസിഡന്റ്സ് അസോസിയേഷനുകൾ വിദ്യാഭ്യാസസ്ഥാപനങ്ങൾ സർക്കാർ സ്വകാര്യസ്ഥാപനങ്ങൾ, എന്നിവർക്ക് സ്വന്തം ഭൂമിയിലോ പാട്ടത്തിനോ കൃഷി ചെയ്യുന്നതിന് 100ലക്ഷം രൂപയും 2016-17 നെൽവർഷം ആചരിക്കുന്നതിന്റെ ഭാഗമായി 262 ലക്ഷം രൂപയും, ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനത്തിന്റെ ഭാഗമായി പൊതുഞാറ്റടി, തോട് നവീകരണം കൊയ്ത്തുമെതി യന്ത്രങ്ങൾ ഉറപ്പാക്കൽ, മില്ലുകൾ സ്ഥാപിക്കൽ, മറ്റ്

| | | | |
|---|---|---|---|
| | | | സംസ്കരണ വിപണന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 1200 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |
| ബി) | ഇപ്പോൾ നെൽകൃഷിക്ക് ഹെക്ടറിന് എത്ര രൂപ നിരക്കിലാണ് ഉല്പാദന ബോണസ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ; ഉല്പാദന ബോണസ് കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) | ഹെക്ടറിനു 1000 രൂപയാണ് നിലവിൽ ഉൽപാദന ബോണസ്സായി നൽകുന്നത്. ഉല്പാദന ബോണസ് വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ